<u>പത്രക്കുറിപ്പ്</u>

## റിസോഴ്സ് അധ്യാപക തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ ഹൈസ്കൂളുകളിൽ ഐ.ഇ.ഡി റിസോഴ്സ് അധ്യാപകരായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. സ്പെഷ്യൽ എഡ്യുക്കേഷനിൽ ബി.എഡ് അഥവാ ജനറൽ ബി.എഡിനോടൊപ്പം സ്പെഷ്യൽ എഡ്യുക്കേഷനിൽ ഡിപ്ലോമയുമാണ് അടിസ്ഥാനയോഗ്യത. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷ 2011 ജൂൺ 25 ന് വൈകിട്ട് 5 മണിക്കുമുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃകയും കൂടുതൽ വിവരങ്ങളും **www.education.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

Affix
recent
passport
size photo

APPLICATION FOR THE POST OF RESOURCE TEACHER (IEDSS) 2011-12

| | | | |
|---|---|---|---|
| 1. | Name of applicant<br>(as in the SSLC Book) | : | |
| 2. | Permanent residential address with pin code | : | |
| 3. | Address for communication | : | |
| a. | Phone No. (Residence) | : | |
| b. | Mobile Phone No. | : | |
| c. | e-mail id | : | |
| 4. | Gender | : | Male/ Female |
| 5. | Age & Date of Birth | : | |

| | | | | | | |
|---|---|---|---|---|---|---|
| 6. | Educational qualification | | | | | |
| a. | General | | | | | |
| | Graduation | : | | Subject | : | |
| | Post Graduation | : | | Subject | | |
| b. | Professional | | | | | |
| | Special Education<br>Diploma/ B.Ed /<br>M.Ed / M.Phil/<br>Ph.D | : | | Area of special education | : | |
| | General<br>B.Ed / M.Ed /<br>M.Phil/ Ph.D | : | | Subject | : | |
| c. | Others, if any (in the area of special education) | : | | | | |
| 7. | Details of teaching experience, if any | : | In General Schools ........ years ........ months<br>In Special Schools ........ years ........ months<br>In SSA ........ years ........ months<br>In IED ........ years ........ months<br>Others if any ........ years ........ months | | | |
| 8. | District/s preferred for selection | : | 1<br>2<br>3 | | | |
| 9. | Are you willing to work in other districts? | : | YES/NO | | | |
| 10. | Are you a parent/ guardian of CWSN?<br><br>if yes, relationship with CWSN | : | YES/NO. | | | |

Declaration:

The above details are true and correct to the best of my knowledge.

Place:
Date:

Signature
Name

## നിർദ്ദേശങ്ങൾ

1. റിസോഴ്സ് അധ്യാപക നിയമനം പൂർണമായും കരാർ അടിസ്ഥാനത്തിലായിരിക്കും.

2. ഒരു ഉദ്യോഗാർത്ഥി ഒന്നിലധികം അപേക്ഷകൾ അയക്കാൻ പാടുള്ളതല്ല.

3. സ്പെഷ്യൽ എഡ്യൂക്കേഷനിൽ ബി.എഡ് അഥവാ ജനറൽ ബി.എഡിനോടൊപ്പം സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിപ്ലോമയുമാണ് അടിസ്ഥാന യോഗ്യത. ജനറൽ ബി.എഡ് യോഗ്യത മാത്രമുള്ളതും ബിരുദത്തോടൊപ്പം സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിപ്ലോമ മാത്രമുള്ളതുമായ ഉദ്യോഗാർത്ഥികൾ അപേക്ഷിക്കേണ്ടതില്ല.

4. വിദഗ്ദ്ധസമിതി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്.

5. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളോടെ പകർപ്പ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6. അപേക്ഷ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് **'APPLICATION FOR THE POST OF RESOURCE TEACHER UNDER IEDSS 2011-12'** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

7. അപേക്ഷകൾ 2011 ജൂൺ 25 നു വൈകിട്ട് 5 മണി ക്കുമുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം-695014 (Director of Public Instruction, Office of the DPI, Jagathy, Thiruvananthapuram-695014) എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

8. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.

9. ഉദ്യോഗാർത്ഥിയുടെ ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.

10. നിയമനം ലഭിക്കുന്ന ജില്ലയിൽ നിന്ന് ആദ്യഅധ്യയനവർഷം യാതൊരു കാരണവശാലും സ്ഥലംമാറ്റം ലഭിക്കുന്നതല്ല.

11. നിയമനം ലഭിക്കുന്നവർ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് അനുവദിക്കുന്ന, റവന്യുജില്ലയിലെ ഏത് സ്കൂളിലും ജോലിചെയ്യുന്നതിന് സന്നദ്ധരായിരിക്കണം.

12. നിയമനം ലഭിക്കുന്ന റിസോഴ്സ് അധ്യാപകർ വിദ്യാഭ്യാസ വകുപ്പുമായി നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ചുകൊള്ളാമെന്ന ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

14/6/11

പൊതുവിദ്യാഭ്യാസ ഡയറക്ടർ